# കോവിഡ് വ്യാപനം തടയാൻ ഹൈക്കോടതിവിധി ആശ്വാസമായി

അതിരൂക്ഷമായ കോവിഡ് വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കേരള, മഹാത്മാ ഗാന്ധി സർവകലാശാലകളുടെ അധികാരപരിധിയിൽവരുന്ന തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകൾ കോവിഡ് വ്യാപനത്തിൽ സി വിഭാഗത്തിൽ വരുന്നതിനാൽ സർവകലാശാലകൾ കോളേജുകളിൽ നടത്തുന്ന പരീക്ഷകൾ നിർത്തിവയ്ക്കണം എന്നാവശ്യപ്പെട്ട് നായർ സർവീസ് സൊസൈറ്റി സംസ്ഥാനസർക്കാരിന് നിവേദനം സമർപ്പിച്ചു എങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായില്ല.

രണ്ട് യൂണിവേഴ്സിറ്റികളുടെയും കീഴിൽ ഈ പ്രദേശങ്ങളിലുള്ള കോളേജുകളിൽ നടന്നുവരുന്ന ബിരുദ-ബിരുദാനന്തര എഴുത്തുപരീക്ഷയും പ്രാക്ടിക്കൽ പരീക്ഷയും അനിയന്ത്രിതമായ കോവിഡ് വ്യാപനത്തിന് കാരണമായിത്തീർന്നിരിക്കുകയാണ്.

ഈ പ്രദേശത്തുള്ള എല്ലാ കോളേജുകളിലും ക്ലസ്റ്റർ രൂപപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പല ഡിപ്പാർട്ടുമെന്റുകളും അടഞ്ഞുകിടക്കുകയാണ്. ഓൺലൈൻ ക്ലാസ്സുകൾ പരീക്ഷയോടൊപ്പം നടക്കുകയുമാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരീക്ഷ നടത്തുവാൻ ഇരട്ടി ക്ലാസ്മുറികൾ ആവശ്യമാണ്. പരീക്ഷാനടത്തിപ്പിനു വേണ്ടിയുള്ള ജീവനക്കാരെ അദ്ധ്യാപകരിൽനിന്നും അനദ്ധ്യാപകരിൽനിന്നും ഇപ്പോൾ ലഭ്യമാകുന്നില്ല. ഓൺലൈൻ ക്ലാസ്സുകൾക്ക് ഭംഗം വരുത്താതെ, ചികിത്സയിലുള്ള അദ്ധ്യാപകരെയും അനദ്ധ്യാപകരെയും ഒഴിവാക്കി നിശ്ചിത എണ്ണം ജീവനക്കാരെ പരീക്ഷാജോലിക്ക് നിയോഗിക്കാൻ കോളേജുകൾക്ക് കഴിയുന്നില്ല. പരീക്ഷാസമ്മർദ്ദം കാരണം വിദ്യാർത്ഥികൾ കോവിഡ് മറച്ചുവെച്ച് പരീക്ഷയിൽ പങ്കെടുക്കുന്നത് രോഗവ്യാപനത്തിന് വഴിതെളിക്കുകയാണ്. പരീക്ഷാനടത്തിപ്പിന് നിയോഗിക്കപ്പെടുന്ന ജീവനക്കാരും അങ്ങനെ രോഗബാധിതരാവുന്നു. പല വിദ്യാർത്ഥികളും പരീക്ഷയ്ക്കിടയിൽ അവശതമൂലം ബോധരഹിതരാവുന്നതിനാൽ അവരെ ആശുപത്രിയിൽ കൊണ്ടുപോകുന്നവരും അങ്ങനെ രോഗബാധിരാവുന്നു.

ഈ അടിയന്തരവിഷയങ്ങൾ നായർ സർവീസ് സൊസൈറ്റി നിവേദനത്തിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടിയോ വിശദീകരണമോ ലഭിച്ചില്ല.

ഈ സാഹചര്യത്തിലാണ് കോവിഡ് വ്യാപനത്തിന്റെ കാര്യത്തിൽ സി വിഭാഗത്തിൽപ്പെട്ട തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലുള്ള കോളേജുകളിൽ നടത്താനിരുന്ന ബിരുദ-ബിരുദാനന്തര എഴുത്തുപരീക്ഷകളും പ്രാക്ടിക്കൽ പരീക്ഷകളും നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് എൻ.എസ്.എസ്. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തത്. തുടർന്നാണ് ഫെബ്രുവരി 8 വരെ പരീക്ഷകളുടെ നടത്തിപ്പ് തടഞ്ഞ് ഹൈക്കോടതി ഇടക്കാലഉത്തരവ് പുറപ്പെടുവിച്ചത്.

പരീക്ഷകൾ മാറ്റിവയ്ക്കുന്നതിനോട് കോളേജുകൾക്ക് തത്ത്വത്തിൽ താൽപര്യമില്ലെങ്കിലും കോവിഡ് മഹാമാരിയുടെ ഈ പ്രത്യേക സാഹചര്യത്തിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സമൂഹത്തിന്റെയും ഉത്തമതാൽപര്യം പരിഗണിച്ചാണ് പരീക്ഷ മാറ്റിവയ്ക്കുവാൻ എൻ.എസ്.എസ്. ആവശ്യപ്പെട്ടത്.

സാമൂഹികമായ പല വിഷയങ്ങൾ പ്രതിപാദിച്ചുകൊണ്ട് സംസ്ഥാനസർക്കാരിന് ഇതിനു മുമ്പും നിവേദനങ്ങൾ സമർപ്പിച്ചപ്പോഴെല്ലാം അധികാരസ്ഥാനത്തുനിന്നും വ്യക്തമായ മറുപടിയോ വിശദീകരണമോ നല്കുന്ന കീഴ്വഴക്കം ഉണ്ടാകാത്തത് ഒരു ജനാധിപത്യസർക്കാരിന് യോജിച്ചതല്ല എന്നു പറയേണ്ടിയിരിക്കുന്നു.